ലക്കം-24/ഡിസംബർ, 2014

# പാവിന്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# ശരിയും തെററും

## ആമുഖം

അനുഭവങ്ങളുടെ, അനുഭൂതികളുടെ കുറെ ഏറെ നിമിഷങ്ങൾ നമുക്ക പകർന്നു നൽകി ഒരു വർഷം കൂടി പടിയിറങ്ങുകയായി. ഒരു തിരിഞ്ഞു നോക്കലിനു പറ്റിയ സമയമാണിത്. ശരികളും തെറ്റുകളും തുലാസിൽ തൂങ്ങുമ്പോൾ ഏതു തട്ടിനാണ് ഭാരം കൂടുതൽ...

ശരി, തെറ്റ്... ഏതാണ് ശരി, ആരാണ് ശരി... പലപ്പോഴും ഈ ചോദ്യങ്ങളിൽ നമ്മുടെ ജീവിതം ചുറ്റിത്തിരിയാറുണ്ട്. നമ്മുടെ ബുദ്ധിയ്ക്കും വിവേകത്തിനും ശരിയെന്നു ബോധിക്കുന്ന പലതും മറ്റുള്ളവർക്കു ശരിയായി തോന്നണമെന്നില്ല. നമ്മുടെ വ്യാഖ്യാനങ്ങൾ, വിശദീകരണങ്ങൾ മറ്റുള്ളവർ അംഗീകരിക്കണമെന്നുമില്ല. ഇവിടെ ജീവിതം വഴിപിരിയുവാൻ തുടങ്ങും. സത്യം അഥവാ ശരി ഒന്നു മാത്രമല്ലേ ആകൂ. പിന്നെ എന്തുകൊണ്ട് ആ സത്യം അഥവാ ശരിയെക്കുറിച്ച് വിരുദ്ധ അഭിപ്രായം ഉണ്ടാകുന്നു? സത്യത്തെ അംഗീകരിക്കുവാൻ നമുക്ക് അഥവാ അവർക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല?

ഈ ചോദ്യങ്ങളുടെ ഉത്തരം തേടിയുള്ള യാത്ര... യഥാർത്ഥ സത്യം അഥവാ ശരി നാം തിരിച്ചറിയുന്നതു വരെ ആ യാത്ര നീളും. അവിടെ പിന്നെ പരാതികളില്ല, പരിഭവങ്ങളില്ല. എന്റെ ശരിയും അവരുടെ ശരിയും ഇല്ല. യാഥാർത്ഥ്യത്തെ അംഗീകരിക്കൽ മാത്രമേ ഉള്ളൂ. അതുവരെ മായാ മരീചനെ പിന്തുടരുന്ന പോലെ നമ്മുടെ ശരികളിലേയ്ക്ക് നമ്മളും അവരുടെ ശരികളിലേയ്ക്ക് അവരും യാത്ര ചെയ്തു കൊണ്ടിരിക്കും. ഒരിക്കലും കൂട്ടിമുട്ടാത്ത ഈ യാത്രയുടെ തിരക്കിലാണ് നമ്മിൽ ചിലരെങ്കിൽ, സിഗ്നൽ തെററിച്ച് കടന്നു വരുന്ന തീവണ്ടി പോലെ കൂട്ടിമുട്ടി അപകടം വരുത്തി വയ്ക്കുന്ന മറെറാരു ബഹുഭൂരിപക്ഷവും നമ്മോടൊപ്പം തന്നെയുണ്ട്. നമ്മുടെ ചുറ്റും കാണുന്ന എല്ലാ പ്രശ്നങ്ങളുടെയും കാരണം ഒന്നുകിൽ ഈ സമാന്തര യാത്രയാണ്, അല്ലെങ്കിൽ ഈ കൂട്ടിമുട്ടലാണ്. ഇതിൽ പരിഹാരം അടങ്ങിയിട്ടില്ല. പരിഹാരം എന്തെന്ന് ബഹുഭൂരിപക്ഷത്തിനും അറിയുകയുമില്ല, ഏറെപ്പേർ അറിയാൻ ശ്രമിക്കുന്നില്ല എന്നത് ഏറെ പരിതാപകരവും.

നാട്ടിലേയ്ക്കുള്ള യാത്രയിൽ ഒരിക്കൽ, അടുത്തിരുന്ന സാധാരണക്കാരനായ ഒരു സഹയാത്രികൻ മിക്കവാറും എല്ലാ സ്റ്റേഷൻ കഴിയുമ്പോഴും ഫേസ്ബുക്ക് അപ്ഡേററ് ചെയ്യുന്നതു കാണുവാൻ ഇടയായി. ഫേസ്ബുക്കിൽ മുഖം മിനുക്കുന്നതു കൊണ്ടോ, അവിടെയും ഇവിടെയും നിന്നു ലഭിക്കുന്ന കുറെ വൃത്താന്തങ്ങൾ പോസ്റ്റ് ചെയ്യുന്നതു കൊണ്ടോ ജീവിതത്തിന് അർത്ഥം ലഭിക്കും എന്നു നിങ്ങൾ കരുതുന്നുണ്ടെങ്കിൽ, എന്തോ വലിയ നന്മ ചെയ്യുകയാണെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ - സുഹൃത്തേ യാഥാർത്ഥ സത്യം തേടിയുള്ള യാത്രയിൽ നിന്നും നിങ്ങൾ വഴിമാറിയിട്ടില്ലല്ലോ എന്ന് ഒന്നു പരിശോധിക്കണേ. അർത്ഥവത്തായി ഈ യാത്ര മാറണം എന്നു നിങ്ങൾക്കു തോന്നിത്തുടങ്ങുമ്പോൾ, നിങ്ങൾ പകുതി ജയിച്ചു. കാരണം അപ്പോൾ ലക്ഷ്യം നേടുവാനുള്ള നിങ്ങളുടെ സാധ്യത തെളിയുകയാണ്.

ജീവിതം നമുക്ക് ഏറെ പകർന്നു നൽകിയിട്ടുണ്ട്, നമുക്ക് എന്താണ് തിരിച്ചു നൽകുവാനുള്ളത്? എല്ലാ 'എന്റെ' കളും നമ്മെ അടിമത്തത്തിലേയ്ക്ക് നയിക്കും. ബന്ധനങ്ങളുടെ ആ കെട്ടുകൾ പൊട്ടിച്ചെറിയണമെങ്കിൽ, ജഢത്തിൽ നിന്നും അതായത് ദേഹത്തിൽ നിന്നും ദേഹ ബന്ധുക്കളിൽ നിന്നും വസ്തുക്കളിൽ നിന്നും വൈഭവങ്ങളിൽ നിന്നും നമ്മുടെ മനസ്സും ബുദ്ധിയും വേറിടേണ്ടിയിരിക്കുന്നു. ഭൗതീകമായ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേററിക്കൊണ്ടു തന്നെ, നിസ്സംഗതയോടെ മുന്നേറുവാൻ നമുക്കു പരിശീലിക്കേണ്ടിയിരിക്കുന്നു. ജനക മഹാരാജാവിനെപ്പോലെ, എല്ലാ ഭൗതീക സുഖങ്ങളും അനുഭവിച്ചു കൊണ്ടു തന്നെ സന്യാസിയായിരിക്കുവാൻ അപ്പോൾ നമുക്കു സാധിക്കും. സ്നേഹ സാഗരനായ പരമാത്മാവിൽ നമ്മുടെ മനസ്സും ബുദ്ധിയും ഏകാഗ്രമാകും. അനശ്വരമായ, ശുദ്ധമായ സ്നേഹം അപ്പോൾ നമ്മിൽ വിടരും. എന്റേകൾ പരിവർത്തനപ്പെടും. ഞാൻ സർവ്വ ശക്തനായ ഈശ്വരന്റേതായി മാറുമ്പോൾ, പരിമിതമായ എന്റേകൾക്കു പ്രസക്തിയില്ലാതാകും. പകരം, മുഴുവൻ ലോകവും എന്റേതാണെന്ന അനുഭവം നമുക്കുണ്ടാകും. അവിടെ ശരികൾ മാത്രമേ ഉള്ളൂ. നേർവഴിയിലേയ്ക്ക് നയിക്കുന്ന ശരികൾ മാത്രം.

സ്നേഹത്തിന്റെ ദീപം തെളിയിക്കുവാൻ വന്ന ഉണ്ണിയുടെ ഓർമ്മത്തിരുന്നാളിൽ ഹവിസ്സിന്റെ എല്ലാ വായനക്കാരുടെ മനസ്സിലും നേരിന്റെ നക്ഷത്രം തെളിയട്ടെ എന്ന പ്രത്യാശയോടെ എല്ലാവർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.



## താളുകൾ മറിക്കുമ്പോൾ

വിവേക ശകലങ്ങൾ.......................................... ദാദി ജാനകി

മാതൃകാ ജീവിതം..........................................കൃഷ്ണനുണ്ണി, പാലക്കാട്

പ്രിയ സുഹൃത്തിന് സ്നേഹപൂർവ്വം..........................................ബി.കെ. കിരൺ സന്ധ്യ, കൊച്ചി

ഭൂദേവി–സർവ്വംസഹ..........................................മാമ്പള്ളി ജി.ആർ., കൊല്ലം

സന്തുലിത ജീവിതം..........................................ബി. കെ. അനില, തിരുവനന്തപുരം

പ്രപഞ്ചോൽപ്പത്തി..........................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ലയനം..........................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ജ്യോതിഷവും ദോഷപരിഹാരങ്ങളും..........................................ബി. കെ. അനിൽ, തിരുവനന്തപുരം

അവലോകനം..........................................അഭിരാമി, പേരാമ്പ്ര, കോഴിക്കോട്



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**എനിക്ക് ജയിക്കുവാൻ സാധിക്കും എന്ന സങ്കല്പം വിജയം ഉറപ്പാക്കുന്നു.**

**നമുക്ക് ചുററുമുള്ളവരുടെ സഹായവും വിഭവശേഷിയും നമ്മുടെ വിജയത്തിനു കാരണമായി നാം കരുതുന്നു. എന്നാൽ കിണഞ്ഞ പരിശ്രമത്തിനു ശേഷവും നാം ചിലപ്പോൾ പരാജയപ്പെടാറുണ്ട്. എന്റെ വിജയത്തിനു കാരണം എന്റെ കഴിവുകളല്ല, ആ കഴിവുകൾ കൊണ്ട് ഞാൻ എന്തു ചെയ്യുന്നു എന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു. എനിക്ക് വിജയിക്കുവാനാകും എന്ന് ഞാൻ വിശ്വസിക്കുമ്പോൾ ഞാൻ വിജയിക്കും**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# മാതൃകാ ജീവിതം

കൃഷ്ണനുണ്ണി, പാലക്കാട്

**സാ**മൂഹ്യ സേവനം നാമെല്ലാം ആഗ്രഹിക്കുന്ന ഒരു വിഷയമാണ്. എന്നാൽ അത് പ്രാവർത്തിക മാക്കുക എന്നത് വളരെ ബുദ്ധിമുട്ടാണ്. ഇന്ന് പലരും ആരും കാണാതെ റോഡിൽ ചപ്പു ചവറു കൾ തള്ളും. അടുത്ത ആളുടെ പറമ്പിലേയ്ക്ക് കടലാസ് കഷണങ്ങളും മാലിന്യങ്ങളും വലിച്ചെറി യും. സ്വന്തം കാര്യം നടക്കാൻ വേണ്ടി നിയമം തെറ്റിക്കാനും ആരുമറിയാതെ കൈമടക്ക് നൽകാൻ പോലും നമുക്കിന്ന് മടിയില്ല. പക്ഷെ മോശം പറയരുതല്ലോ, പൗരബോധമുള്ള മലയാളി എന്ന നിലയിൽ ഇത്തരം വൃത്തി കേടുകൾക്കെല്ലാം നാം എതിരാണ്. സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി ഏതു പൗരബോധവും തൽക്കാലത്തേക്ക് മറക്കുന്ന ഒരു സമൂഹമായി നാം അധ:പതിച്ചിരിക്കുന്നു. സ്വയം മാതൃകയായി മാറേണ്ട നാം ഇത്തരം കാപട്യം കാട്ടുന്നവരായി അധ:പതിക്കാനുള്ള കാരണ മെന്താണ്? അതിന് ഉത്തരം കണ്ടെത്തേണ്ടിയിരി ക്കുന്നത് സ്വന്തം മനസാക്ഷിയിൽ നിന്നാണ്. സമൂഹത്തിന് മാതൃകയാവുക എന്നത് ഒരുതരം ആത്മശുദ്ധീകരണമാണ്, അതൊരു ഈശ്വര ദൗത്യമാണ്. മറ്റുള്ളവരെ പഴി പറഞ്ഞ് സ്വന്തം കർമ്മത്തിൽ നിന്ന് ഒഴിഞ്ഞു മാറുക നമുക്ക് ഭൂഷണമല്ല. ഇത്തരം അവസ്ഥയ്ക്ക് ഒരുപാട് ന്യായീകരണങ്ങൾ നമുക്ക് പറയാനുണ്ടാകും. ചിലർ ടെലിവിഷനെ പഴിക്കും. മറ്റു ചിലർ കമ്പ്യൂട്ടറിനെ കുറ്റപ്പെടുത്തും. മൂന്നാമതൊരു കൂട്ടർ കുട്ടികളെ ശരിയായി നയിക്കാത്തതിന് അദ്ധ്യാപ കരെ പഴിചാരും. പക്ഷെ ഇതൊക്കെ ചെയ്യുന്ന അച്ഛനമ്മമാർ തങ്ങളുടെ കുട്ടികൾക്ക് സ്വയം മാതൃക കാണിച്ചുകൊടുക്കാൻ ഒരിക്കലും മെന ക്കെടാറില്ല. വീട്ടിലുള്ള ഫ്രിഡ്ജിൽ മദ്യം സ്ഥിര മായി ശേഖരിച്ച് സേവിക്കുന്ന പിതാവിന് മദ്യത്തിനെതിരെ കുട്ടിയെ ഉപദേശിക്കാൻ എന്താണ ധികാരം? ഓടയിലെ ഒഴുക്ക് വെള്ളത്തിൽ അടുക്കള മാലിന്യം രഹസ്യമായി നിക്ഷേപിക്കുന്ന അമ്മയ്ക്ക് തന്റെ കുഞ്ഞിന് മാതൃകയായി മാറാൻ ഒരിക്കലും സാധിക്കില്ല.

തന്റെ രാജ്യത്തെ വിദൂര ഗ്രാമം സന്ദർശിക്കാ നെത്തിയ രാജാവിന്റെ കഥ ഓർമ്മ വരികയാണ്. ഏറെ യാത്ര ചെയ്ത് ഗ്രാമത്തിലെത്തിയ രാജാവ് അവിടുത്തെ വൃത്തികേട് കണ്ട് നടുങ്ങിപ്പോയി. ചപ്പും ചവറും മാലിന്യങ്ങളും നിറഞ്ഞ റോഡു കളും, ചീഞ്ഞ് നാറുന്ന ചന്തയും, വെള്ളം കെട്ടിക്കിടക്കുന്ന അഴുക്ക് ചാലുകളും. ഗ്രാമ തലവനോട് രാജാവ് വിശദീകരണം ചോദിച്ചു. 'പ്രഭോ, ഇവിടുത്തെ ജനങ്ങൾക്ക് യാതൊരു സംസ്കാരവുമില്ല, കുഴി മടിയന്മാരാണ്. പരിസര ശുചിത്വത്തെ പറ്റി വിചാരമേയില്ല. ഞാൻ പറഞ്ഞു, പറഞ്ഞു മടുത്തു'. രാവിലെ അഥിതി മന്ദിരത്തി ലെത്തിയ ഗ്രാമത്തലവൻ ഞെട്ടിപ്പോയി. രാജാവിനെ കാണുന്നില്ല. അംഗരക്ഷകർ നാനാ ഭാഗത്തേ യ്ക്കും ഓടി. അത്ഭുതപ്പെടുത്തുന്ന ഒരു ദൃശ്യമാണ് അവർ വെളിയിൽ കണ്ടത്. നാൽക്കവലയിലെ വഴിയരികിൽ രാജാവ് ചപ്പു ചവറുകൾ അടിച്ചു കൂട്ടി തീ ഇടുന്നു. ഓടയിലെ മാലിന്യം കുത്തി വീഴ്ത്തി പൊളിച്ച് ശരിപ്പെടുത്തുന്നു. സ്വയം മാതൃക കാണിക്കുന്ന രാജാവ്... കവർ, കവർ അദ്ദേഹത്തോടൊപ്പം ചേർന്നു. ശുദ്ധീകരണം ഒരു ഉത്സവമായി മാറി. ഒരൊറ്റ ദിവസം കൊണ്ട് ആ ഗ്രാമം ശുചിത്വം നിറഞ്ഞതായി തീർന്നു. 'വെറുതെ ഇരുന്ന് ഉപദേശിച്ചതുകൊണ്ട് നാട് നന്നാവില്ലെന്ന്' രാജാവ് ഗ്രാമത്തലവന് കാണിച്ചുകൊടുത്തു. മറ്റുള്ളവർ ചെയ്യുന്ന തെറ്റുകളെ കുറ്റപ്പെടുത്താനല്ല ശ്രമിക്കേണ്ടത്. മറിച്ച് അവർക്ക് ശരികൾ ചെയ്യാനുള്ള

ശേഷം 13-ാം പേജിൽ



# പ്രിയ സുഹൃത്തിന് സ്നേഹപൂർവ്വം

ബി.കെ. കിരൺ സന്ധ്യ, കൊച്ചി

**ലോ**കം ഇരുണ്ടതും പ്രതീക്ഷയറ്റതും ആയിരിക്കുമ്പോൾ എന്റെ സുഹൃത്ത് അരികിൽ വരികയും കരം ഗ്രഹിച്ച് ഒരു ചിരിയിലൂടെ മുഴുവൻ ലോകത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. പ്രതീക്ഷകളുടെ പഴയ ഓട്ടോഗ്രാഫ് എനിക്ക് നേരെ നീട്ടുന്നു. സുഹൃത്തിന്റെ ഹൃദയം വീട് പോലെ എന്നെ സ്വീകരിക്കുകയും ഞാനതിൽ സുരക്ഷിതമായി ഇരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള സുഹൃത്ത് നമുക്ക് ഏവർക്കുമുണ്ടോ. അങ്ങിനെ ഒരു സുഹൃത്ത് നമുക്കൊപ്പമുണ്ടായിരിക്കുമ്പോൾ ഈ ലോകത്തിലെ കഠിനമായ ജീവിതം ലഘൂകരിക്കപ്പെട്ടതായി നമുക്ക് തോന്നും.

പക്ഷേ ഈ ജീവിതപ്പാച്ചിലിനിടയിൽ അത്തരത്തിൽ എല്ലാ സമയങ്ങളിലും നാമാഗ്രഹിക്കും പോലെ എത്തിച്ചേരാൻ സുഹൃത്തിന് കഴിഞ്ഞു എന്ന് വരില്ല. വിലയേറിയ ആ അസാന്നിധ്യത്തോട് ഹൃദയപൂർവ്വം ക്ഷമിക്കാനും നമുക്ക് കഴിയും. അപ്പോൾ മറ്റാരാണുള്ളത്.

ഖിന്നമായ മനസ്സ് സുഹത്തിനോടെന്ന പോലെ അവനവനോട് തന്നെ സംസാരിച്ച് തുടങ്ങും. അതായത് ഞാൻ എന്നോട് തന്നെ സംസാരിക്കുന്നു. അപ്പോൾ സുഹൃത്തിനെപ്പോലെ തന്നെ ഗൗരവത്തോടെ എന്നെ കേൾക്കുന്ന പുതിയ ഒരാളെ ഞാൻ അിറഞ്ഞ് തുടങ്ങുകയായി. ജീവിതം പകുതിയാകുമ്പോഴാണ് ഞാനയാളെ കണ്ടുമുട്ടുന്നത്. അത്ഭുതത്തോടെ അയാളുടെ സാമീപ്യത്തെ തിരിച്ചറിയുന്നത്. എവിടെ ആയിരുന്നു ഇക്കാലമത്രയും എന്ന ആഹ്ലാദം നിറഞ്ഞ ചോദ്യത്തിന് ഞാനിവിടത്തന്നെ ഉണ്ടായിരുന്നു എന്ന് ലാഘവം നിറഞ്ഞ മറുപടി.

എന്റെയുള്ളിൽ തന്നെയിരുന്ന് എന്നെ കേട്ടുകൊണ്ടിരിക്കുന്നത് ആരാണ്. ആരാണ് എന്റെയാ സുഹൃത്ത്. തീർച്ചയായും നമുക്കെല്ലാവർക്കും അത്തരത്തിലൊരു സുഹൃത്തുണ്ട്. നാം ആ സുഹൃത്തിനെ അറിയുന്നുണ്ടോ എന്നതാണ് പ്രധാനം.

നമുക്കുള്ളിലെ തന്നെ ചൈതന്യത്തെയാണ് നമുക്ക് അറിയാനുള്ളത്. ആ ചൈതന്യം നമ്മുടെ പ്രിയ സുഹൃത്താണ്. അല്ലെങ്കിൽ ഞാൻ തന്നെയാണത്. ആ സുഹൃത്തുമായി സംഭാഷണത്തിലായിരിക്കുമ്പോൾ, ഞാൻ മുൻപെങ്ങുമില്ലാത്ത ആശ്വാസത്തെ അറിയുന്നു. മുൻവിധിയില്ലാത്ത കേൾവിക്കാരനായി സുഹൃത്ത് ഉള്ളപ്പോൾ എനിക്ക് കാര്യങ്ങൾ എളുപ്പമാകുന്നു. പ്രശ്നങ്ങൾക്ക് ലളിതവും, പ്രായോഗികവും, എനിക്ക് ചെയ്യാൻ കഴിയുന്നതുമായ പരിഹാരങ്ങൾ ലഭിച്ച് തുടങ്ങുന്നു.

ആ സംഭാഷണങ്ങൾക്കിടയിൽ ഉരുത്തിരിയുന്ന നിശബ്ദയിലേക്ക് ഞാൻ പതിയെ ശ്രദ്ധിച്ച് തുടങ്ങി. മുൻപും ചിലപ്പോൾ അങ്ങിനെ സംഭവിച്ചിട്ടുണ്ടാകാം. പക്ഷേ ആ നിശബ്ദതയെ എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. അപ്പോഴത് എന്നെ കടന്ന് പോയിരുന്നു. ഇപ്പോൾ ആ നിശബ്ദത പതിയെ എന്നെ അറിയിക്കുന്നു, ഞാനിവിടെയുണ്ട് എന്ന്. അതിൽ നിന്ന് സ്വാഛതയുടെ, ശാന്തതയുടെ, അനുഭവം പതുക്കെ ഉരുത്തിരിയുന്നത് അനുഭവിക്കാനാകും. ഹൃദ്യമായ പ്രിയപ്പെടലിന്റെ അവാച്യമായ അനുഭൂതി അറിയാനാകും. ഞാൻ എനിക്ക് തന്നെ വഴികാട്ടിയാകുകയാണ്. എന്നിലേക്ക് തന്നെ വഴി തെളിക്കുകയാണ്. എന്നെ തന്നെ കാണുന്ന

ശേഷം 6–ാം പേജിൽ



# ഭൂദേവി – സർവ്വംസഹ ഭൂമിയെ സ്വർഗ്ഗമാക്കൂ

മാമ്പള്ളി ജി.ആർ., കൊല്ലം

ഭൂമിയാം മാതാവിന്റെ മടിയിൽ ജനിച്ചു നാം
ഭൂമിതൻ ഫലങ്ങളോ കഴിച്ചു വളർന്നു നാം
ഭൂമിതൻ മടിയിലെ ജലവും കുടിച്ചു നാം
ഭൂമിതന്നുദ്യാനങ്ങൾ കണ്ടു കൺകുളിർത്തു നാം.

അമ്മതൻ അമ്മിഞ്ഞപ്പാൽ നുകർന്നോർ
ആ മടിത്തട്ടിൻ ശീതളതയാസ്വദിച്ചോർ
ഒന്നിനിയുണരുക ഉണർന്നെഴുന്നേൽക്കുക
ഭിന്നതയെല്ലാം മാറ്റി ലോകത്തെ സ്വർഗ്ഗമാക്കൂ

ധരണി, ധരിത്രിയാം, ക്ഷോണിയി ക്ഷിതിയമ്മ
അമ്മതൻ ക്ഷമാശീലമാരുമേ വർണ്ണിച്ചീടും.
എങ്കിലും കാട്ടാളന്മാരമ്മതൻ നെഞ്ചിൽക്കൂടി
അമ്പുകൾ പായ്ക്കും ക്രൂര കേളികൾ ചെയ്തീടുന്നു.

ബോംബുകൾ, വിഷം ചീറ്റും രാസ ആയുധങ്ങളും
ഭൂമാതാ കരൾ ചീന്തും കാഴ്ചകൾ ഭയാനകം.
എങ്കിലും സഹിക്കുന്നു എല്ലാമേ സഹിക്കുന്നു
സർവ്വവും സഹിക്കുന്ന ധാത്രിയീ സർവ്വംസഹ

മക്കളേ നിങ്ങളുടെ കാടത്തം മതിയാക്കി
സത്യതയേറും അമ്മയെ സ്നേഹിക്കൂ സ്നേഹത്തോടെ
ഭൂമാതാ ദേവിയാണ്, ഭൂലോകം സ്വർഗ്ഗമാണ്
ഭൂദേവി മക്കൾ നമ്മൾ സ്വർഗ്ഗത്തിൻ ദേവതകൾ!

5–ാം പേജ് തുടർച്ച......

നിമിഷമാണത്. എന്നോടൊപ്പം ഇത്തരത്തിൽ മണിക്കൂറുകളോളം ചിലവഴിക്കാൻ കഴിയും. ഇതിനിടയിൽ കടന്ന് വരുന്ന ചിന്തകളെ അധികം ശ്രദ്ധിക്കാതെ ആ സ്വഛതയെ അവിടെ തുടരാൻ അനുവദിക്കുക. നമുക്കുള്ളിൽ ഉറവെടുക്കുന്ന ശാന്തതയെ ആഴത്തിൽ അിറഞ്ഞുകൊണ്ടിരിക്കുക. തുടക്കത്തിൽ ഏതാനും നിമിഷങ്ങളിലാണ് അത് സംഭവിക്കുക. നിശബ്ദതയുടെ നിമിഷങ്ങളെ നിലനിർത്താൻ മനപൂർവ്വം ശ്രമിക്കുക. ഒരു നിശബ്ദഗീതം പോലെ നമുക്ക് മാത്രമെ അത് അറിയാൻ കഴിയുകയുള്ളു. രഹസ്യമായിരിക്കട്ടെ ആ നിമിഷങ്ങൾ.

നമുക്കള്ളിലെ ചൈതന്യത്തെ സുഹൃത്താക്കി മാറ്റുമ്പോൾ, ജീവിതം ഒരു മലക്കം മറിയുക യാണ്. അലോസരങ്ങളിൽ നിന്ന് അനുസരണയി ലേക്ക്, ചിട്ടകളിൽ നിന്ന് സരളതയിലേക്ക്, അരാജകത്വത്തിൽ നിന്ന് സമരസത്തിലേക്ക്. അശാന്തതയിൽ നിന്ന് ശാന്തതയിലേക്ക്, അസ്വാരസ്യങ്ങളിൽ നിന്ന് സ്വഛതയിലേക്ക്.

ഇത്തരത്തിൽ നമുക്കുള്ളിലെ നമ്മെ തന്നെ സുഹൃത്താക്കി മാറ്റുമ്പോൾ, സന്തുഷ്ടതയുടെ, സമാധാനത്തിന്റെ ജീവിതം ആരംഭിക്കുകയായി. ചെയ്യേണ്ടത് ഇത്രമാത്രം, ദിവസത്തിൽ ഏതാനും നിമിഷങ്ങൾ അവനവനോട് സംസാരിക്കൂ. നീ സുഖമായിരിക്കുന്നുവോ എന്ന് ചോദിക്കൂ. നിശബ്ദമായ മറുപടിക്കായി കാത്തിരിക്കൂ.



# സന്തുലിത ജീവിതം

ബി.കെ. അനില

ജീവിതം സന്തുലിതമാക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ഓരോരുത്തരും സ്വയം ആലോചിച്ച് കണ്ടെത്തി അത് പ്രവൃത്തിയിൽ കൊണ്ടു വരണം. കാരണം ഓരോ വ്യക്തിയുടെയും ഗുണ–അവഗുണങ്ങൾ, നന്മ–തിന്മകൾ, നേട്ട–നഷ്ടങ്ങൾ, പാപ–പുണ്യങ്ങൾ, സാഹചര്യങ്ങൾ തുടങ്ങിയവയെല്ലാം വ്യത്യസ്തങ്ങളാണ്. മനുഷ്യന്റെ മനസ്സ് അനുദിനം അധഃപതനങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന സമയമാണ് കലിയുഗം. അങ്ങനെ ചിന്തിച്ച് നമ്മൾ അധഃപതനത്തിന് ഇരയാകരുത്. അതിൽ നിന്നും ഒഴിവാകണം. അതിന് ഓരോരുത്തരും സ്വയം പാലിക്കേണ്ടതായ പൊതുവായ ചില കാര്യങ്ങളുണ്ട്. അത് നമ്മളിൽ ധാർമ്മികമായ മനഃസ്ഥിതി ഉണ്ടാകുവാൻ സഹായിക്കും. അവയുടെ അനുഷ്ഠാനത്തെയാണ് ആദ്ധ്യാത്മികതയുടെ പാത എന്ന് പറയുന്നത്. അത് സന്തുലിതമായ ജീവിതത്തിലേയ്ക്ക് നയിക്കുന്ന പാതയാണ്. ദുഃഖങ്ങളിലേയ്ക്ക് വഴുതിവീഴാതെ രക്ഷിക്കുകയും ജീവിതത്തിൽ സന്തോഷകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാനും സഹായിക്കുകയും ചെയ്യുന്ന അതിലെ ചില വിശേഷ ധാരണകളാണ്–സർവ്വരോടും സ്നേഹവും ബഹുമാനവും പുലർത്തുക. മറ്റുള്ളവരിലെ ഗുണങ്ങളെ കാണുക ശ്രേഷ്ഠ ലക്ഷ്യപ്രാപ്തിയ്ക്കായി കഠിന പ്രയത്നം ചെയ്യുന്നവരാകുക എല്ലാവരെയും സന്തുഷ്ടരും ഭാരരഹിതരുമാക്കുക അന്യരിൽ ഉണർവ്വും ഉത്സാഹവും വരുത്തുക. അലസതയും അശ്രദ്ധയും ഒഴിവാക്കുക ഞാനെന്ന ഭാവം ത്യജിക്കുക വിപരീത സാഹചര്യങ്ങളിലും നിശ്ചിന്തരും അചഞ്ചലരുമായിരിക്കുക ഗുണങ്ങളുടെ സ്വരൂപമായി മാറുക സ്നേഹവും, സഹായവും, ആശ്രയവും നൽകുക എല്ലാം സഫലമാക്കുന്നതിന്റെ കല പരിശീലിക്കുക ഈശ്വര സ്മൃതി സദാ നിലനിർത്തുക




ചാലാട്: വൈകാരികധിഷണത്തിലൂടെ ഫലപ്രധമായ അദ്ധ്യാപനം എന്ന ശില്പശാല ഉദ്ഘാടനം - ബ്രഹ്മാകുമാരി ബി.കെ. മീനാക്ഷി, പ്രൊ. ഇ.വി. സ്വാമിനാഥൻ, മേജർ പത്മാഭൻ.



കൊച്ചി **IMA** ഹാളിൽ നടന്ന അസോസിയേഷൻ ഓഫ് ഇന്ത്യൻ പ്രൈവററ് സൈക്കാട്രിയുടെ 15–ാം നാഷണൽ കോൺഫറൻസിൽ യുവാക്കളിലെ ലഹരി ഉപയോഗത്തെക്കുറിച്ച് ഡോ.വത്സലൻ നായർ, മൗണ്ട് ആബു സംസാരിക്കുന്നു.

# പ്രപഞ്ചോൽപ്പത്തി

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ഇനിയും വ്യക്തതയില്ലാതെ നിലനിൽക്കുന്ന പ്രവചനങ്ങൾ മാത്രമാണ് ഇപ്പോഴും പ്രപഞ്ചോല്പത്തിയുടെ രഹസ്യം. അടുത്തകാലത്ത് സ്ഥാനമേറ്റ മാർപ്പാപ്പയും പറയുകയുണ്ടായി. പ്രപഞ്ചോൽപ്പത്തി പൂർണ്ണമായും ബൈബിളിൽ പറയുന്നപോലെയോ മറ്റേതെങ്കിലും വിശിഷ്ടഗ്രന്ഥങ്ങളിൽ പറയുന്ന പോലെയോ ആകണമെന്നില്ലായെന്ന് ശാസ്ത്ര സത്യങ്ങളേയും അതിന് ആധാരമാക്കേണ്ടതുണ്ടെന്ന്.

പ്രപഞ്ചം ഒരു മഹാ വിസ്ഫോടന ശേഷം ഉണ്ടാക്കപ്പെട്ടതാണെന്ന് ശാസ്ത്രം കണ്ടെത്തുന്ന വസ്തുതയാണ്. അതിനെ ശരിവയ്ക്കുന്ന അനേകം വസ്തുതയും അവർ നിരത്തുന്നുണ്ട്. അതിന്റെ പൂർണ്ണതയിലേയ്ക്കെത്താൻ ഇനിയും പരിശ്രമിക്കുകയുമാണ്. ദൈവകണവും മറ്റും അതിന്റെ ഉദാഹരണം മാത്രം. ഏതായാലും മനുഷ്യരുടെ ഈ അസാമാന്യ കഴിവുകൾ വാനോളം വാഴ്ത്തപ്പെടേണ്ടതു തന്നെ. അവരുടെ അദ്ധ്വാനവും, അന്വേഷണവും ഇതര ജീവികൾക്കില്ലാത്തതുമാണ്. അനിതര സാധാരണമായ ഈ ബുദ്ധിവിശേഷം മനുഷ്യർക്കു മാത്രം എങ്ങനെയാണ് വന്നു ചേർന്നത്? ഇതും ഉത്തരം കിട്ടുന്ന ഒരു ചോദ്യമായി മാറിയേക്കാം. എന്നാലും പ്രപഞ്ചോൽപ്പത്തിയെക്കുറിച്ച് ഒരു സംശയം ബാക്കി നിൽക്കുന്നു. ഒരു മഹാവിസ്ഫോടനത്തിലൂടെ ഈ സമസ്ത ലോകവും സൃഷ്ടിക്കപ്പെടുന്നുവെന്നാണല്ലോ പറയുന്നത്. എങ്കിൽ ഒന്നുമില്ലാതിരുന്ന ഒരു സാഹചര്യത്തിൽ ഈ മഹാവിസ്ഫോടനം ഉണ്ടാക്കാൻ മാത്രം പ്രാപ്തമാക്കുന്ന രണ്ടു ഘടകങ്ങൾ എവിടെ നിന്ന് ഉണ്ടായിരിക്കണം. അതിനും ഒരു സൃഷ്ടിപര്യത ആവശ്യമുണ്ടല്ലോ?

പ്രപഞ്ചമെന്നത് ഈ സൗരയൂഥത്തെ മാത്രമാണോ ഉദ്ദേശിക്കുന്നത്. അതോ ഈ സൗരയൂഥത്തേയും ഉൾക്കൊള്ളുന്ന മഹാപ്രപഞ്ചത്തേയാണോ അർത്ഥമാക്കുന്നത്. ഈ സൗരയൂഥത്തെ കുറിച്ചാണ് ഉദ്ദേശിക്കുന്നതെങ്കിൽ സൂര്യനും മറ്റേതെങ്കിലും ഗ്രഹവുമായി കൂട്ടിയിടിക്കാൻ സാധ്യതയുണ്ടാകാം. അല്ലെങ്കിൽ സൂര്യനിൽ നിന്നു തന്നെ അതിനുള്ള സാഹചര്യമുണ്ടാകാം. എന്നാൽ അത് ഒരു പ്രാവശ്യമേ നടക്കുകയുള്ളോ? ഇനിയും ആവർത്തിക്കുകയില്ലേ? അതിനു നിമിത്തമായ ഘടകം അപ്പോൾ മാത്രമേയുണ്ടായിരുന്നുള്ളോ? ഇത്തരം ചില ചോദ്യങ്ങൾ നിലനിൽക്കുന്നുണ്ട്. ഇനി മറ്റൊന്ന് ഈ പ്രപഞ്ചമെന്നത് ശൂന്യവും സൂക്ഷ്മവും സ്ഥൂലവുമായ ഒരു ലോകത്തെക്കുറിച്ചാണ് അർത്ഥമാക്കുന്നത് (നിരാകാരം, ആകാരം, സാകാരം) അപ്പോൾ ശൂന്യമെന്നതും സൃഷ്ടിക്കപ്പെട്ടേണ്ടതല്ലേ? അത് ഏത് വിസ്ഫോടനത്തിലൂടെയാണ് ഉണ്ടാകുന്നത്. (ശൂന്യതയുണ്ടെങ്കിൽ മാത്രമല്ലേ വസ്തുക്കൾക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ.) അപ്പോൾ അതിനാധാരമായ ഘടകമെന്താണ്. ഇതും ചോദിക്കപ്പെടേണ്ട ചോദ്യമായി നിലനിൽക്കുന്നു.



# ലയനം


ബി.കെ. ശോഭാദേവി, തിരുവനന്തപുരം

കണ്ണൊന്നു ചിമ്മിയാൽ മുന്നിൽ നീ മാത്രം
കതോർത്തിരുന്നാൽ നിൻ ധ്വനി മാത്രം
ശ്വാസോച്ഛ്വാസമോ നിൻ സ്നേഹോർജ്ജത്താൽ
നാവു ചലിപ്പതും നിൻ നാമ ജപത്തിനായ്

കരങ്ങൾ നീളുന്നതും നിന്നെപ്പൂകാനായ്
ചരണം ചലിപ്പതും നിന്നടുത്തണയാനായ്
ഹൃദയം ത്രസിപ്പതും നിന്നൊപ്പം കഴിയാനായ്
ഓർമ്മയിലാകേയും നീ മാത്രമല്ലോ... നീ മാത്രം...

ഭൂവിലൊരു തരി വെട്ടമാം ഞാൻ കുതിപ്പൂ
അങ്ങങ്ങുയരത്തിൽ വാഴുമാ ജ്യോതിയെ പുൽകാൻ
ആ നിമിഷമെന്നിൽ നിറഞ്ഞൂ നിൻ ഗുണങ്ങൾ
നിൻ ശക്തികളാകെയെന്നൂർജ്ജമായ് തീർന്നൂ

ഇന്ദ്രീയാതീത സുഖമെന്തെന്നറിഞ്ഞൂ
ജന്മങ്ങളോരോന്നും പിന്നിടുമ്പോഴും
ഈ അനുഭമെന്നെ നിന്നിലെത്തിക്കും
നാം രണ്ടായിരിക്കില്ലൊരു മാത്രപോലും



## മഹദ് വചനങ്ങൾ

**ഇന്നു നിങ്ങളുടെ അവസാന ദിനമാണെങ്കിൽ, ഇന്നു ചെയ്യുവാൻ പോകുന്ന കാര്യങ്ങൾ തന്നെ നിങ്ങൾ ചെയ്യുമായിന്നുവോ?**

- സ്റ്റീവ് ജോബ്സ്



# ജ്യോതിഷവും ദോഷപരിഹാരങ്ങളും - 2

ബി. കെ. അനിൽ, തിരുവനന്തപുരം

“എതിർലിംഗത്തിലുള്ള വ്യക്തിയെ ഒരു സ്പർശനം കൊണ്ട് വശത്താക്കാം
ചാത്തൻ സേവയിലൂടെ ആഗ്രഹിക്കുന്ന കാര്യങ്ങൾ നേടാം
അത്ഭുത സിദ്ധിയുള്ള ഏലസ്സ്, മിനിട്ടുകൾക്കകം പ്രശ്നത്തിന് പരിഹാരം”

ജ്യോതിഷം എന്ന തലക്കെട്ടിൽ വന്ന ചില പരസ്യങ്ങളാണിവ. ജ്യോതിഷവുമായി ഈ കാര്യങ്ങൾക്ക് ബന്ധമുണ്ടോ? ഒരിക്കലുമില്ല. ജ്യോതിഷവുമായി കൂട്ടിക്കലർത്തപ്പെട്ടവയാണിത് എന്നത് പലരും അറിയുന്നില്ല എന്നതാണ് വാസ്തവം.

വേദങ്ങൾ നാലാണ്–ഋക്ക്, യജുസ്സ്, സാമം, അഥർവ്വം. വേദങ്ങൾക്ക് 6 അംഗങ്ങൾ ഉണ്ട്. അതിൽ ഒന്നായ ജ്യോതിശ്ശാസ്ത്രത്തെ വേദങ്ങളുടെ കണ്ണുകൾ എന്നാണ് പറയുന്നത്. എല്ലാ വേദങ്ങളിലും ജ്യോതിഷത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ട്. ഭാരതീയ ജ്യോതിഷത്തെ വേദാംഗജ്യോതിഷം എന്ന് പറയുന്നത്.

വേദാംഗജ്യോതിഷത്തിലെ ലഭ്യമായിട്ടുള്ള ആദി ഗ്രന്ഥങ്ങളിൽ ഫലപ്രവചനത്തിന്റെ കാര്യങ്ങൾ ഉണ്ടായിരുന്നില്ല. മുഹൂർത്ത വിഷയമായിരുന്ന അതിൽ പ്രതിപാദിക്കപ്പെട്ടിരുന്നത്. പരാശരൻ തുടങ്ങിയ ജ്യോതിഷാചാര്യന്മാരുടെ കാലത്തിൽ ജ്യോതിഷം കൂടുതൽ വികസിക്കുകയും, പ്രകൃതി ദുരന്ത പഠന പ്രവചനങ്ങൾക്ക് ഉതകുന്ന കാര്യങ്ങൾ ഉരുത്തിരിഞ്ഞു വരികയും ചെയ്തു. അതിനു ശേഷമാണ് ഫലപ്രവചനത്തിന് സഹായകമായ രീതിയിൽ ജ്യോതിഷം രൂപപ്പെട്ടത്. പ്രപഞ്ചത്തെയും വ്യക്തി ജീവിതത്തെയും കോർത്തിണക്കിയുള്ളതായിരുന്നു ആ ഫലപ്രവചന രീതി.

വരാഹമിഹിരന്റെ “ബൃഹത് ജാതകം” ആണ് കേരളിയർ ജ്യോതിഷത്തിന്റെ അടിസ്ഥാന ഗ്രന്ഥമായി കണക്കാക്കിയിരിക്കുന്നത്. 1427–ൽ ജീവിച്ചിരുന്ന ബ്രഹ്മശ്രീ നാരായണൻ നമ്പൂതിയിലൂടെ ക്രോഡീകൃതമായ തന്ത്രശാസ്ത്രത്തിനു ശേഷമാണ് പല രീതിയിലുള്ള താന്ത്രിക പരിഹാര–പ്രായശ്ചിത്ത കർമ്മങ്ങൾ ജ്യോതിഷ പ്രയോഗങ്ങളിൽ കലർന്നത്.

ജ്യോതിഷത്തിന്റെ ദുരുപയോഗം കാരണം ഞെട്ടിക്കുന്ന പല വാർത്തകളും പലപ്പോഴായി നമ്മൾ കേൾക്കാറുണ്ട്. പല്ലുകളോടെ ജനിച്ച കുട്ടി പിതാവിന് വിനാശം വരുത്തും എന്ന് ഒരു ജ്യോത്സ്യൻ പറഞ്ഞതിന്റെ പേരിൽ സ്വന്തം കുട്ടിയെ കൊലപ്പെടുത്തിയ പിതാവിന്റെ കഥ അതിൽ ഒന്നുമാത്രം.

ജീവിതത്തിലെ വിഷമ ഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോൾ നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുന്നതിന് ജ്യോത്സ്യന്മാരെ സമീപിക്കുന്നവരുടെ എണ്ണം ഇന്ന് അനുദിനം വർദ്ധിച്ചു വരുകയാണ്. എന്നാൽ മനഃശാസ്ത്രപരമായി പ്രശ്നങ്ങളെ പരിഹരിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ജ്യോത്സ്യരിൽ പലരും ശ്രമി

ക്കുന്നില്ല എന്നത് ഖേദകരമാണ്. ഭാരതീയമായ ജ്യോതിഷത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുള്ള പ്രശസ്ത മനഃശാസ്ത്രജ്ഞനായ ഫ്രോയ്ഡ് പറയുന്നത്, ഭാരതീയ ജ്യോതിഷം പൗരാണികമായ മനഃശാസ്ത്രമാണ് എന്നാണ്. ജ്യോതിഷികൾ മനഃശാസ്ത്രപരമായ രീതി അവലംബിക്കേണ്ടത് വളരെ ആവശ്യമാണ്. അസത്യവും അപ്രിയ സത്യവും ഒഴിവാക്കിയേ മതിയാവൂ. ചിലരാകട്ടെ തന്റെയടുക്കൽ വരുന്നവരെ ഭയപ്പെടുത്തുകയും വലിയ ചെലവ് വരുന്ന പരിഹാരങ്ങൾ നിർദ്ദേശി ക്കുകയും അത് ചെയ്തു കൊടുത്ത് ഭീമമായ ഫീസ് വാങ്ങുകയും ചെയ്യുന്നു. ജ്യോതിഷ്യം ഏറിയ പങ്കും സംഭാവ്യതകളെക്കുറിച്ചും സാദ്ധ്യത കളെക്കുറിച്ചുമാണ് പറയുന്നത്. പ്രവചിക്കപ്പെട്ട എല്ലാ കാര്യങ്ങളും അതുപോലെ നടക്കും എന്ന് പറയുവാനാകില്ല. പ്രോബബിലിറ്റിയാണ് അധികവും. അല്ലായിരുന്നുവെങ്കിൽ അതിന്റെ തെളിവ് ആരെ ങ്കിലും പരിപൂർണ്ണ കൃത്യതയോടെ പ്രവചിച്ചു കാണിക്കട്ടെ. ഇന്ന്, കഴിഞ്ഞ കാര്യങ്ങളെ ജ്യോതിഷ രൂപേണ വ്യാഖ്യാനിക്കുന്ന ആൾക്കാരും കുറവല്ല. നരേന്ദ്ര മോദി പ്രധാനമന്ത്രിയായ ശേഷം അദ്ദേഹ ത്തിന്റെ ജാതകത്തിലെ പ്രത്യേകതകൾ കൃത്യ മായി ചൂണ്ടിക്കാണിച്ച പലരുമുണ്ട്. ഇലക്ഷന് മുമ്പ് അവർ എവിടെയായിരുന്നു എന്ന് അറിയില്ല.

ശനിപൂജ നടത്തിയാൽ ശനിദോഷം മാറുമോ എന്ന് ഒരു ജ്യോത്സ്യനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് – ഇത് ഒരു വിശ്വാസമാണ്. ശനീശ്വരനെ പൂജിച്ചാൽ ശനിദോഷങ്ങൾക്ക് ശമനമുണ്ടാകും എന്ന വിശ്വാസത്തോടെ പൂജി ക്കുമ്പോൾ ആ വിശ്വാസത്തിന്റെ ശക്തി അയാളെ രക്ഷിക്കും എന്ന് പറഞ്ഞു. അപ്പോൾ, സംശയത്തോടെയാണ് പൂജ നടത്തിയതെങ്കിൽ ദോഷം മാറില്ലേ എന്ന് ചോദിച്ചപ്പോൾ അല്പം ആലോചിച്ച ശേഷം അദ്ദേഹം പറഞ്ഞു– വിശ്വാസം ഇല്ലെങ്കിൽ പ്രയാസമാണ്. പക്ഷെ അങ്ങനെയാണോ? വിശ്വാസമുണ്ടായാലും ഇല്ലെങ്കിലും കാലം മാറുമ്പോൾ അനുഭവങ്ങൾ മാറും എന്നതും ഒരു യാഥാർത്ഥ്യമല്ലേ? വിശ്വാസം എന്നത് അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നു തന്നെ. പക്ഷെ അത് ഒരിക്കലും അന്ധമാകുവാൻ പാടില്ല. വിശ്വാസം യഥാർത്ഥമായ അറിവിൽ അധിഷ്ഠിതമായിരി ക്കണം. അറിവ് എന്നാൽ പ്രകാശം. പ്രകാശ മുണ്ടെങ്കിൽ അവിടെ അന്ധകാരമില്ല. അന്ധ വിശ്വാസങ്ങൾ അന്ധകാരമാണ്. യഥാർത്ഥമായ ഈശ്വരവിശ്വാസം അന്ധവിശ്വാസമല്ല. മറിച്ച് നന്മയിലേയ്ക്ക് നയിക്കുന്ന പ്രകാശമാണ്. മനുഷ്യനെ ഉത്കൃഷ്ടമാക്കുന്ന ഒന്നാണ്. ഈശ്വരന്റെ ഓർമ്മ നമ്മിൽ നന്മകൾ നിറയ്ക്കും. ദുഃഖങ്ങൾക്ക് അറുതി വരുത്തും. പക്ഷെ ഈശ്വരന്റെ പേരിൽ അന്ധ വിശ്വാസങ്ങൾ പ്രചരിപ്പിക്കുകയും മറ്റുള്ളവരെ ഭയപ്പെടുത്തി ചൂഷണം ചെയ്യുന്ന രീതികൾ പലരും അവലംബിച്ചു തുടങ്ങിയപ്പോഴാണ് ഈശ്വരനിൽ നിന്നും പലരും അകലുവാൻ തുടങ്ങിയത്. ഈശ്വരനിലേയ്ക്ക് മനസ്സുകൊണ്ട് അടുത്തറിഞ്ഞവർക്ക് ഒരിക്കലും അതിൽ നിന്നും വേർപിരിയാനാകില്ല എന്നതാണ് വാസ്തവം. ഈശ്വര വിശ്വാസം അന്ധമല്ല. നിരീശ്വരവാദമാണ് അന്ധവിശ്വാസം.

പ്രകൃതിയെ ദേവരൂപത്തിൽ വർണ്ണിച്ചിരിക്കുന്നത്, അഥവാ പ്രകൃതിയെ ദേവഭാവത്തിൽ ഭക്തിചെയ്യു ന്നത് പ്രകൃതി ശക്തികളെ ശുദ്ധിയോടെ പരി രക്ഷിക്കുവാൻ വേണ്ടിയാണ്. അല്ലാതെ പ്രകൃതി യല്ല മനുഷ്യന്റെ ഗതി–വിഗതികളെ നിർണ്ണയിക്കു ന്നത്, മറിച്ച് മനുഷ്യന്റെ തന്നെ പ്രവൃത്തികളാണ്. നമ്മുടെ പ്രത്യക്ഷ അനുഭവവും അങ്ങനെയല്ലേ? മധുരം ധാരാളം കഴിക്കുകയും വായ വൃത്തി യായി സൂക്ഷിക്കാതിരിക്കുകയും ചെയ്താൽ പുഴുപ്പല്ലു വരും. മറിച്ച് പുഴുപ്പല്ലും പല്ലുവേദന യും വരുത്തിയത് ഏതെങ്കിലും ഗ്രഹദേവനാണ് എന്ന് പറഞ്ഞാൽ അത് വിഡ്ഢിത്തമല്ലേ? അനുഭവങ്ങൾ വർത്തമാന ജന്മത്തിലെയോ പൂർവ്വ ജന്മങ്ങളിലെയോ പ്രവർത്തികളുടെ ഫലമാണ്. ക്ഷേത്രമാകുന്ന ദേഹത്തിലെ ദേഹിയാകുന്ന ദേവനാണ് അത് വരുത്തിയത് എന്ന് പറഞ്ഞാൽ കാര്യം ശരിയാകും.

അശുഭാനുഭവങ്ങളിൽ നിന്നും ഈശ്വരഭക്തി യിലൂടെ രക്ഷപ്രാപിക്കുവാൻ സാധിക്കുകയില്ലേ എന്നത് പ്രസക്തമായ ഒരു ചോദ്യമാണ്. തീർച്ചയായും സാധിക്കും എന്നതുതന്നെയാണ് അതിനുത്തരം. ഇത് വെറുമൊരു വിശ്വാസമല്ല, അന്ധവിശ്വാസവുമല്ല. മറിച്ച് അനേകാനേകരുടെ അനുഭവമാണ്. എന്നാൽ ഈശ്വരഭക്തി എന്നാൽ എന്താണെന്നു കൂടി അറിയണം. ഒരു വാക്കിന് പല

അർത്ഥങ്ങൾ ഉണ്ടായിരിക്കുക സ്വാഭാവികമാണ്. ഒരു ഉദാഹരണത്തിലൂടെ ഭക്തിയെന്ന പദത്തിന്റെ ഒരു അർത്ഥം വ്യക്തമാക്കാം. ജ്യോതിഷത്തിൽ വ്യാഴഗ്രഹത്തിന്റെ കാരകത്വം പറയുമ്പോൾ അതിൽ ദേവ-ബ്രാഹ്മണ ഭക്തി എന്നൊരു പ്രയോഗമുണ്ട്. ഭക്തിയിൽ സാധാരണയായി ഇഷ്ടദേവതകളുടെ മുന്നിൽ ദീപം തെളിയിക്കുകയും പുഷ്പങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു. ബ്രാഹ്മണ ഭക്തിയെന്നാൽ ബ്രാഹ്മണരുടെ മുന്നിൽ വിളക്ക് കത്തിക്കുക, അവരിൽ പൂക്കൾ അർപ്പിക്കുക എന്നതല്ല ഇവിടെ അർത്ഥമാക്കുന്നത്. ഇവിടെ ഭക്തി എന്നാൽ അറിയുക എന്നാണ്. ദേവ-ബ്രാഹ്മണ ഭക്തിയെന്നാൽ ദേവനെയും ബ്രാഹ്മണനെയും അറിയുക എന്നാണ്. മുമ്പ് പ്രകൃതി ശക്തികളെ ദേവരൂപത്തിൽ ആരാധിച്ചിരുന്നത് പ്രകൃതി ശക്തിയെ മനസ്സിലാക്കി അതിനെ ശുദ്ധിയോടെ പരിരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. അതുപോലെ ബ്രാഹ്മണഭക്തിയെന്നാൽ ബ്രാഹ്മണ്യത്തെ സംരക്ഷിക്കുക എന്നാണ് അർത്ഥം. അങ്ങനെയാകുമ്പോൾ ഈശ്വരഭക്തി എന്നത് ഈശ്വരനെന്ന സത്യത്തെ അറിയുകയും ഈശ്വരീയതയെ തന്റെയുള്ളിൽ സംരക്ഷിക്കുകയും ചെയ്യുക എന്ന് അർത്ഥം പറയാവുന്നതാണ്.

ശാസ്ത്രം ഇന്ന് അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ട്? കാരണം, അത് സത്യത്തെ മുൻനിറുത്തിയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ശാസ്ത്രത്തിൽ അംഗീകരിക്കാനാവാത്ത നിഗമനങ്ങൾ പലതുമുണ്ട് എന്നതും വിസ്മരിക്കുന്നില്ല. എങ്കിലും സത്യത്തെ സത്യമായിത്തന്നെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ് ശാസ്ത്രം. അന്ധമായ വിശ്വാസങ്ങൾക്കും അതീതമാകുമ്പോൾ നമ്മൾ തീർച്ചയായും ജീവിതത്തിലും പുരോഗമിക്കുകയേ ഉള്ളൂ. മകരവിളക്കിന്റെ കാര്യത്തിൽ പോലും വലിയൊരു തെറ്റിദ്ധാരണ അടുത്തകാലത്തു വരെ നിലവിലുണ്ടായിരുന്നു. എന്നാൽ ആ സത്യം എന്തുകൊണ്ട് മറച്ചുവയ്ക്കപ്പെട്ടു? മരകജ്യോതി മനുഷ്യൻ തന്നെ കത്തിക്കുന്നതാണ് എന്ന് ബന്ധപ്പെട്ട അധികാരികൾ വിശേഷിച്ച് ശബരിമല തന്ത്രിതന്നെ ഏതാനും വർഷങ്ങൾക്കുമുമ്പ് വെളിപ്പെടുത്തുകയുണ്ടായി. 5 കിലോ കർപ്പൂരം ഉപയോഗിച്ച് മകരവിളക്ക് പൊന്നമ്പലമേട്ടിൽ കത്തിക്കുന്ന പളനിക്കാരനായ റാന്നി ഡിവിഷനിലെ ഫോറസ്റ്റ് ഓഫീസർ തന്നെ വെളുപ്പെടുത്തിയ കാര്യങ്ങൾ ഇന്റർനെറ്റിലൂടെ എല്ലായിടത്തും പരന്നു. മകരവിളക്കിനെ മകരജ്യോതിയായി തെറ്റിദ്ധരിക്കരുതെന്ന് തന്ത്രി പറയുകയുണ്ടായി. അപ്പോൾ വീണ്ടും ആശയക്കുഴപ്പമായി. എന്താണ് മകരജ്യോതി? മകരമായാലും ഏത് രാശിയായാലും അത് ഏക നക്ഷത്രമല്ല. നക്ഷത്രസമൂഹമാണ്. സൂര്യൻ ഒരു രാശിയിൽ നിൽക്കുന്നതായി കാണപ്പെടുന്ന കാലയളവുകളാണ് മേടം, ഇടവം, തുടങ്ങിയ രാശികൾ. അതുതന്നെയാണ് മലയാള മാസങ്ങളുടെ നാമങ്ങളായിരിക്കുന്നത്. സൂര്യൻ ഒരു രാശിയിൽ നിന്നും മറ്റൊരു രാശിയിലേയ്ക്ക് സംക്രമിക്കുന്നതാണ് സംക്രാന്തി. സൂര്യൻ ധനുവിൽ നിന്നും മകരരാശിയിലേയ്ക്ക് കടക്കുന്നത് സാധാരണ ജനുവരി 14 നാണ്. ഇതുതന്നെയാണ് മകരസംക്രാന്തി. മകരസംക്രാന്തിയ്ക്ക് സൂര്യൻ ട്രോപ്പിക്ക് ഓഫ് കാപ്രിക്കോണിൽ നിന്നും ട്രോപ്പിക്ക് ഓഫ് ക്യാൻസറിലേയ്ക്ക് സഞ്ചരിക്കുന്നതായി കാണപ്പെടുന്ന സമയമാണ്. ഉത്തരായനം ദേവന്മാരുടെ പകലായും കണക്കാക്കുന്നു. ആ സമയത്ത് മരിക്കുന്നവർ സ്വർഗ്ഗത്തിൽ പോകുന്നുവെന്നും വിശ്വസിക്കുന്നു. ഭീഷ്മർ ദേഹത്യാഗത്തിനായി ഈ മുഹൂർത്തത്തിനായി ശരശയ്യയിൽ കാത്ത് കിടന്നതായി മഹാഭാരതത്തിൽ വർണ്ണനയുണ്ട്. ഇതുതന്നെയാണ് ശബരിമലയിൽ തത്ത്വമസി- അത് നീയാകുന്നു- എന്നത് ഓർമ്മിപ്പിക്കുന്നത്. അതായത് മനുഷ്യനിലെ ശൂദ്രത്വം മരിക്കണം, ഇല്ലാതാകണം. ബ്രാഹ്മണ്യം ഉണരണം. അപ്പോൾ മാനവൻ ദേവതുല്യനാകും. സൂര്യൻ ആത്മീയ തേജസ്സിന്റെയും ജ്ഞാനത്തിന്റെയും സൂചകമാണ്. ജ്ഞാനതേജസ്സ് ദർശിക്കുമ്പോൾ അതായത് ഉൾക്കൊള്ളുമ്പോഴാണ് ബ്രാഹ്മണ്യം ഉണരുന്നതും മാനവൻ ദേവതുല്യനാകുന്നതും. അതുതന്നെയാണ് മകരജ്യോതിയുടെ നാളിൽ തത്ത്വമസി എന്ന സന്ദേശം. ഭൂമിയെ ദേവസ്ഥാനം, ദേവന്മാരുടെ പകൽ, അഥവാ സ്വർഗ്ഗമാക്കി മാറ്റാനുള്ള വിധിയും ഇതുതന്നെയല്ലേ. ഭക്തിഭാവനയോടെ ആഗ്രഹസാഫല്യത്തിനായി വരുന്ന ഭക്തന് ഈ അറിവും അത്യന്താപേക്ഷിതമാണ്. ഈശ്വരൻ ആരെയും ഭയപ്പെടുത്തുകയുമില്ല, കോപിക്കുകയുമില്ല. ഈശ്വര വിശ്വാസം ഭയത്തിന്റെയും അടിസ്ഥാനത്തിൽ ആകുവാൻ പാടില്ല. ഈശ്വരനിൽ ഭയമല്ല, സ്നേഹ-വിശ്വാസങ്ങളാണ് വേണ്ടത്.

അപ്പോൾ അത് അനുപമമായ അനുഭവങ്ങൾ ജീവിതത്തിലുണ്ടാകും. യഥാർത്ഥമായ ഈശ്വര വിശ്വാസത്തിന്റെ സുഖം അറിഞ്ഞവർ ഒരിക്കലും അവിശ്വാസിയാകുകയില്ല. എന്നാൽ കളവുകൾ പ്രചരിപ്പിച്ച് വിശ്വസിപ്പിച്ചാൽ അത് നേരല്ല എന്ന് തെളിയുന്ന കാലത്ത് ആ വിശ്വാസം നഷ്ട മായേക്കാം.

(കടപ്പാട് : ശ്രീ. എൻ. പ്രേമചന്ദ്രൻ)

## മാതൃകാ ജീവിതം

4-ാം പേജ് തുടർച്ച......

പ്രചോദനം നൽകുകയാണ് വേണ്ടത്. അതാവട്ടെ അവർക്ക് സ്വയം മാതൃകയായി മാറുന്നതുമായി രിക്കണം.

ശുഭകരമായ ചിന്തകളാണ് നമ്മുടെ ഓരോരു ത്തരുടെയും ജീവിതത്തെ മാതൃകാ ജീവിതമാക്കി മാറ്റുന്നത്. നിഷേധാത്മക മനോഭാവം ഒഴിവാക്കി പോസിറ്റീവ് മനോഭാവം വളർത്തിയെടുത്താൽ നല്ല ചിന്തകൾ മനസ്സിൽ നിറഞ്ഞ് കവിയും. നമ്മുടെ വിജയത്തിലെന്ന പോലെ മറ്റുള്ളവരുടെ വിജയത്തിലും ആവേശം കൊള്ളുൽ, അത് നമുക്ക് കരുത്ത് പകരും. വ്യക്തികൾ ചേർന്ന താണ് സമൂഹം. വ്യക്തികളുടെ നന്മകളുടെ ആകെ തുകയാണ് സമൂഹത്തിന്റെ നന്മ. അതുകൊണ്ട് തന്നെ സ്വയം മാതൃകയായി മാറാൻ നാം ഓരോരുത്തരും ശ്രമിച്ചാൽ സമൂഹവും നന്മ നിറഞ്ഞതായി മാറും. യഥാർത്ഥത്തിൽ അതാണ് ഭൂമിയിലെ സ്വർഗ്ഗം. അത് കൈവരിക്കുവാനുള്ള ഏതൊരു ശ്രമവും മനുഷ്യരെ ദേവതുല്യരാക്കി മാറ്റും. നല്ലത് ചിന്തിക്കുകയും നല്ലത് പ്രവർത്തി ക്കുകയും നല്ലത് പ്രതീക്ഷിക്കുകയും ചെയ്യുന്ന തിന് നമുക്ക് ദൃഢ നിശ്ചയമെടുക്കാം. അപ്പോൾ നാമെല്ലാവരും നല്ലവരാകും. സമൂഹത്തിന് മാതൃക യാവും. ഓരോരുത്തരും നന്മയുടെയും പുരോഗതി യുടെയും മാതൃകയാകുമ്പോൾ സമൂഹത്തിലെ എല്ലാ കുഴപ്പങ്ങൾക്കും അവസാനമാകുകയും ചെയ്യും.

# അവലോകനം

അഭിരാമി, പേരാമ്പ്ര, കോഴിക്കോട്

കാലം രചിച്ചു വിധാതാവ് ചമയമായ്
സൃഷ്ടിയിൽ സ്വപ്നലോകത്തിന്റെ പുതു
തേരാളി

**ജന്മം?**
മാഹാത്മ്യതങ്ങൾക്കിടയിലെ വെറുമൊരു
അവ്യക്ത ചിത്രം

**ബാല്യം?**
സന്തോഷത്താൽ ദിനരാത്രങ്ങളെഴുതി
നഷ്ടങ്ങളുടെ സ്മൃതി
വിസ്മൃതിയെന്നറിഞ്ഞീലാ
തൊടുക്കുന്ന അസ്ത്രങ്ങളുടെ പ്രാരംഭ ശക്തി
വേദനകളിലേക്ക് ആഴ്ന്നിറങ്ങുന്നു

**പഠനം?**
പൂർണ്ണമാക്കപ്പെടാത്ത ആഗ്നേയ ശാസ്ത്രം
ജ്ഞാനം ശാപവചസ്സുകളാൽ ചോര
ഛർദ്ദിക്കുന്നു
കാല്പാദം വിറയ്ക്കുമ്പോഴും
സമദൂരത്തിലേക്കുള്ള യജ്ഞസേന
ഒരുങ്ങുകയാണ്

**പ്രണയം?**
സ്വപ്നരാഹിത്യത്തിൽ നിന്ന് സ്വപ്ന
മുണർത്തുന്നു.
കവിയുടെ നൊമ്പരങ്ങൾ കവിതകളാകുന്നു.
തളർച്ചയിൽ തണൽ വിരിച്ച്
കണ്ഠമിടറുമ്പോൾ നീർപൊയ്കയായ്
ഹൃദയത്തെ മാറോടണയ്ക്കുന്ന

**വിരഹം?**
ഉർവശീ കണ്ഠത്തിൽ യോഗി തളരുന്നു
പരാജയത്തിന്റെ നടുവിൽ വിജയത്തിന്റെ
തേരാളിയായ്
കണ്ണിലെ നീരുറവ വറ്റാതെ കാത്തു
ഒരു നിറയോട്ടത്തിന് വേദിയൊരുക്കി കൊണ്ട്

**ജീവിതം തുടർകഥ.....**
അവിരാമമില്ലാത്ത കേദാരഭൂമി
കാലരേഖയിൽ ഗണിക്കാത്ത
കോമാളിയുടെ പുനരവതരണം
കർമ്മേന്ദ്രിയങ്ങളുടെ കുരുക്ഷേത്ര ഭൂമി